ഉത്തരം

ഇല്ല. കരണത്തിൽ ശരിയായ വില/പ്രതിഫലം കാണിച്ച്, ന്യായമായ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും നൽകിയവർക്ക് അണ്ടർ വാല്യൂവേഷൻ നോട്ടീസ് അയയ്ക്കുന്നില്ല. രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്യാനുള്ള കരണം രജിസ്റ്റർ ചെയ്യുമ്പോൾ അതാതു സംഗതി പോലെ വസ്തുവിന്റെ വിലയോ പ്രതിഫലമോ കരണത്തിൽ സത്യമായിട്ടല്ല പറഞ്ഞിട്ടുള്ളതെന്ന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അങ്ങനെയുള്ള കാരണങ്ങളാണ് അദ്ദേഹം കേരളാ മുദ്രപത്ര നിയമം 45 ബി (1) വകുപ്പനു സരിച്ച് അണ്ടർ വാല്യൂവേഷനെതിരെ നടപടി സ്വീകരിക്കുന്നതിനായി, ജില്ലാ രജിസ്ട്രാർക്ക് റഫർ ചെയ്യുന്നത്. ഇപ്രകാരം റഫർ ചെയ്തു ലഭിക്കുന്നതും, 45 ബി (3) വകുപ്പുപ്രകാരം ജില്ലാ രജിസ്ട്രാർ സ്വമേധയാ നടപടി സ്വീകരിക്കുന്നതുമായ കേസുകളിൽ മാത്രമാണ് ജില്ലാ രജിസ്ട്രാർ കുറവ് മുദ്രയും ഫീസും ഒടുക്കുവാനായി അണ്ടർ വാല്യൂവേഷനെതിരെ നോട്ടീസ് അയയ്ക്കുന്നത്.

ആധാരത്തിൽ വില കുറച്ചു കാണിച്ചവർക്കെതിരെയുള്ള നിയമ നടപടികൾ

219 (4843) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരത്തിൽ വിലകുറച്ചു കാണിച്ചവർക്കെതിരെ എന്തെങ്കിലും നിയമ നടപടികൾ സ്വീകരിക്കുന്നുണ്ടോ ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വീണ്ടും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. കേരളാ മുദ്രപത്ര നിയമം 45 ബി പ്രകാരം വില കുറച്ച് ആധാരം രജിസ്റ്റർ ചെയ്യുന്നവർക്കെതിരെ അണ്ടർ വാല്യൂവേഷനെതിരെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോഴും പ്രാബല്യത്തിലുണ്ട്.

ഇ-സ്റ്റാമ്പിംഗ്

220 (4844) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇ-സ്റ്റാമ്പിംഗിലൂടെ കൈവരിക്കാൻ സാധിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly